# വാസുദേവ വിലാസം യു.പി.സ്കൂൾ

കോതപറമ്പ്, കൊടുങ്ങല്ലൂർ



# വിഷൻ & മിഷൻ 2025

# മാസ്റ്റർ പ്ലാൻ 2025-2026

<u>വികസന രേഖ</u>

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- മലയാളം
- ഇംഗ്ലീഷ്.
- ഗണിതം
- പരിസരപഠനം
- അടിസ്ഥാനശാസ്ത്രം
- സോഷ്യൽ സയൻസ്.
- ഐ.ടി. വിദ്യാഭ്യാസം
- സംസ്കൃതം
- ഹിന്ദി
- ഉറുദു
- അറബിക്.
- ലൈബ്രറി, വായനാമുറി
- വിദ്യാരംഗം – കലാസാഹിത്യവേദി
- ഉച്ചഭക്ഷണം
- ആരോഗ്യ – കായിക വിദ്യാഭ്യാസം
- പ്രവൃത്തി പരിചയം
- പി.ടി.എ.
- കൃഷി.
- കലാപഠനം
- ബോധവത്ക്കരണ ക്ലാസുകൾ
- ശുചിത്വ വിദ്യാലയം
- ഗൃഹസന്ദർശനം
- OSA സംഘടന.

# അക്കാദമിക മാസ്റ്റർപ്ലാൻ - 2025-26

## ആമുഖം:

ധാർമികവും അക്കാദമികവുമായ നിലവാരം മെച്ചപ്പെടുത്തി, പാഠ്യവിഷയങ്ങളോടൊപ്പം പാഠ്യേതര വിഷയങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകി കുട്ടികളുടെ സമഗ്രവികസനത്തിനാവശ്യമായ പിന്തുണ ഉറപ്പാക്കുക എന്ന ലക്ഷ്യങ്ങളോടെയാണ് ഈ അധ്യയനവർഷത്തിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. അധ്യാപക പരിശീലനത്തിൽ നിന്നും ലഭിച്ച അറിവുകൾ ക്ലാസ്മുറികളിൽ കൃത്യമായ ആസൂത്രണത്തോടെ അവതരിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യം. കൂടാതെ പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ അധ്യാപകരോടൊപ്പം, വിദ്യാർത്ഥികളും ക്ലാസ്മുറികളിൽത്തന്നെ നിർമ്മാണം നടത്തുക ചെയ്താൽ കുട്ടികളിലെ ഉൾക്കാഴ്ചയും, നിർമ്മാണവൈദഗ്ധ്യവും മനസ്സിലാക്കാനും പഠനം രസകരമാക്കിമാറ്റാനും സാധിക്കും.

കൃഷിയും, മാലിന്യനിർമ്മാർജ്ജനവും ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളും, ബോധവത്കരണവും വളരെ ഫലപ്രദമായി നടത്തേണ്ടതായിട്ടുണ്ട്.

പുതിയ തലമുറയിലെ കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന് വിദ്യാലയങ്ങൾ മുഖ്യപങ്ക് വഹിക്കുന്നു. കായികപരിശീലനം, സുംബഡാൻസ്, വ്യായാമശീലങ്ങൾ, പിടി പിരിയഡുകൾ എന്നിവ കാര്യക്ഷമമായും കൃത്യമായും ഉപയോഗിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കണം. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനപിന്തുണക്കാവശ്യമായ ക്ലാസുകൾ ഒരുക്കിക്കൊടുക്കേണ്ടതായിട്ടുണ്ട്.

നവീകരിച്ച ലാബുകൾ, വായനമുറികൾ, കമ്പ്യൂട്ടർ ക്ലാസുകൾ എന്നിവ ആധുനികരിക്കുന്നതിനാവശ്യമായ ഒരുക്കങ്ങൾ തുടങ്ങിവെയ്ക്കുന്നതാണ്. വൈവിധ്യമായ ഉച്ചഭക്ഷണം, വൃത്തിയുള്ള പാചകപ്പുര എന്നിവ വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ്.

പഠനക്യാമ്പുകൾ, പഠനയാത്രകൾ ശിൽപ്പശാലകൾ, സെമിനാറുകൾ, അഭിമുഖങ്ങൾ, വിദഗ്ധരുടെ ക്ലാസുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തി വിദ്യാലയത്തിന്റെ സർവതോമുഖമായ വളർച്ചക്ക് ഒരുമിച്ച് നിൽക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്.

## പ്രധാനലക്ഷ്യങ്ങൾ. (Mission and Goals).

* അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക.
* SRG മീറ്റിംഗുകൾ വഴി സമയബന്ധിതമായ അക്കാദമിക പ്രവർത്തനം പ്ലാൻ ചെയ്യുക.
* കുട്ടികൾക്ക് വേണ്ട പഠനപിന്തുണ ഉറപ്പാക്കൽ.
* ഭിന്നശേഷി കുട്ടികൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ എന്നിവർക്കായി പ്രത്യേക പഠന പ്രവർത്തനങ്ങൾ ഒരുക്കൽ.
* കുട്ടികൾ സ്വയം നിർമ്മിക്കുന്ന പഠനോപകരണങ്ങൾ.
* നവീകരിച്ച ലാബ്.
* കുട്ടികളിലെ കായികക്ഷമത വർധിപ്പിക്കുന്നതിനാവശ്യമായ സൗകര്യമൊരുക്കൽ, പരിശീലനം നൽകൽ.
* മലയാള അക്ഷരങ്ങളും, ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പരിശീലനക്ലാസുകൾ.
* Spoken English ക്ലാസ്, ചെസ്സ്, കരാട്ടെ പരിശീലനം.
* സ്കോളർഷിപ്പ് പരിശീലനം.
* വൈവിധ്യപൂർണ്ണമായ ഉച്ചഭക്ഷണം.
* ബോധവത്ക്കരണ ക്ലാസുകൾ
* ലൈബ്രറി ശാക്തീകരണം.

- കൃഷി പ്രോത്സാഹിപ്പിക്കൽ.
- പഠനയാത്രകൾ സംഘടിപ്പിക്കൽ.
- ഐ.ടി. പരിശീലനം.
- നന്മ പ്രവർത്തനം
- ദിനാചരണങ്ങൾ
- കായിക പരിശീലനം – സുംബാഡാൻസ്.
- ശുചിത്വ വിദ്യാലയം.
- പൂർവ വിദ്യാർത്ഥി സംഗമങ്ങൾ.
-

മേഖല : മലയാളം — അക്കാദമികം .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. ആവശ്യമായ പഠനസാമഗ്രി ഒരുക്കൽ. അക്ഷരക്ലാസുകൾ | ലക്ഷ്യം നേടുന്നത് വരെ | SRG ക്ലാസ് ടീച്ചർ | PTA Fund. |
| വായനാശേഷി വളർത്തൽ. | വായിക്കാം വളരാം. വായനാമൂല ഒരുക്കൽ. വായനാക്കുറിപ്പ്. വാർത്താലോകത്തേക്ക് പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും, ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | പ്രതിമാസം | ക്ലാസ് ടീച്ചർ മലയാളം അദ്ധ്യാപകർ | |
| | ക്ലാസ്സ്തലവായന. സ്കൂൾലൈബ്രറി പുസ്തകങ്ങളെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. പുസ്തക സംവാദം ആസ്വാദനക്കുറിപ്പ് | വർഷത്തിൽ മൂന്ന് പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി.. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ | എഴുത്തും തെളിയും.<br>പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പരിപോഷിപ്പിക്കൽ. | പ്രതിമാസം വർഷം മുഴുവനും | SRG ക്ലാസ് ടീച്ചർ. | PTA |
| ലേഖനശേഷി വർധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | എഴുത്തുകാരുമായി സംവദിക്കൽ.<br>പ്രാദേശിക സാഹിത്യകാരന്മാരുമായി അഭിമുഖം സംവാദം. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ. | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | കണ്ടറിയാം....<br>കേട്ടറിയാം.... | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | രുചിച്ചറിയാം.<br>Food Fest | വർഷത്തിലൊന്ന്. | SRG ക്ലാസ് ടീച്ചർ PTA. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഭക്ഷ്യമേള<br>പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം<br>ക്ലാസിലൊരു സദ്യ. | | | |
| സാഹിത്യകാരന്മാരെ അടുത്തറിയൽ<br>ഓർമ്മദിനങ്ങൾ ആചരിക്കൽ. | ഓർക്കാം... അഭിമാനിക്കാം... (സാഹിത്യകാരന്മാർ).<br>സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ.<br>ഡോക്യുമെന്ററി പ്രദർശനം<br>പുസ്തക പരിചയം<br>ക്വിസ്, ജീവചരിത്ര കുറിപ്പ്, പതിപ്പ് നിർമ്മാണം, പ്രദർശനം. | ആവശ്യാനുസരണം | SRG<br>ക്ലാസ്ടീച്ചർ<br>CPTA. | |
| പ്രദേശവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | കലക്കൂട്ട്.<br>പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ.<br>ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ, ശിൽപശാല.<br>സർഗോത്സവം | വർഷത്തിൽ ഒന്ന് | HM, SRG<br>ക്ലാസ്ടീച്ചർ<br>CPTA | PTA |
| | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG<br>ക്ലാസ്ടീച്ചർ | |

| ലക്ഷ്യം | മേഖല - ഇംഗ്ലീഷ് പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാ പരിപോഷണം | ഇംഗ്ലീഷ് കോർണർ<br>story reading<br>Reading text aloud.<br>(Divide students into small groups and Provide them with age-appropriate texts, such as short stories or excerpts from novels). | രണ്ടാഴ്ചയിൽ ഒന്ന്. | ക്ലാസ് ടീച്ചർ. | |
| | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ, വായനവേദി ഒരുക്കൽ, വായനക്കുറിപ്പ്.<br>പുസ്തക പരിചയം. | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ. | English Fest<br>English club.<br>വായനമത്സരം, രചനമത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷത്തിൽ ഒന്ന്. | SRG<br>SMC<br>ക്ലാസ് ടീച്ചർ | PTA Fund. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളുടെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. (skit, Drama, conversation story telling, Project, research, speeches, simple Poetry, short stories). | മാസത്തിൽ ഒന്ന്. | ക്ലാസ് ടീച്ചർ. | |
| സർഗാത്മകതാ രചനാശേഷി വികസനം. | ഇംഗ്ലീഷ് മാഗസിൻ<br>കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാഗസിൻ. | മൂന്ന് മാസത്തിലൊരിക്കൽ. | HM ക്ലാസ് ടീച്ചർ | SMC. |
| ഇംഗ്ലീഷ് കൈയെഴുത്ത്. രചനാമികവ്. | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് പ്രകടിപ്പിക്കാൻ ഉള്ള അവസരങ്ങൾ ഒരുക്കുന്നു. (Rhymes, Poems, short stories etc).<br>സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികൾക്ക് കാർഡുകൾ തയ്യാറാക്കൽ. | മാസത്തിൽ ഒന്ന്. | ക്ലാസ് ടീച്ചർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി. | ആഴ്ചയിൽ 2 ദിവസം വർഷം മുഴുവൻ | ക്ലാസ് ടീച്ചർ. | |
| ഇംഗ്ലീഷ് ഡയറി തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ഇംഗ്ലീഷിൽ ഡയറി ദിവസവും എഴുതിക്കുന്നു. | ആഴ്ചയിൽ എല്ലാ ദിവസവും | ക്ലാസ് ടീച്ചർ. | |
| നിത്യവും വീട്ടിലും, വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ ഡയറി കുറിപ്പായി എഴുതൽ. | | വർഷം മുഴുവനും | ക്ലാസ് ടീച്ചർ. | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് തിയേറ്റർ<br>To create their own Poems, stories, dictionary etc and Present it to the class. | മാസത്തിൽ ഒന്ന്. | ക്ലാസ് ടീച്ചർ. | |

മേഖല : ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ. | വർഷം മുഴുവനും | SRG ക്ലാസ് ടീച്ചർ. | |
| | മൂല്യനിർണയം (ഏണിയും പാമ്പും ഡയസ് കളി, സങ്കലനം വ്യവകലനം) | | | |
| ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടാം | ചതുരം, വൃത്തം, ത്രികോണം, സമചതുരം എന്നീ രൂപങ്ങളെക്കുറിച്ച് ധാരണ നൽകുന്നു. ഈർക്കിലുകൾ, കമ്പുകൾ വള എന്നിവ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കുന്നു. ജ്യാമിതീയ രൂപങ്ങൾ കൊണ്ട് വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. | ആവശ്യാനുസരണം ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |
| ടാൻഗ്രാം | ടാൻഗ്രാം ICT യുടെ സഹായത്തോടെ വെച്ച് വെട്ടിയെടുത്ത് അത് കൊണ്ട് രൂപങ്ങൾ നിർമ്മിക്കുന്നു. | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒറിഗാമിയിലൂടെ പഠിക്കാം. ഗണിതശാസ്ത്ര പഠനം രസകരമാക്കാം. കരചലന ശേഷി വികാസം. | ഒറിഗാമി വർക്ക്ഷോപ്പ് ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിൽ ഒരിക്കൽ ഉചിതമായ സമയത്ത് | ക്ലാസ് ടീച്ചർ. | |
| സംഖ്യാബോധം സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | നാണയങ്ങൾ, കളി നോട്ടുകൾ ഉപയോഗിച്ച് കുട്ടികളിൽ സംഖ്യകൾ ഉറപ്പിക്കൽ. | ആവശ്യമായ സമയത്ത് | ക്ലാസ് ടീച്ചർ. | |
| ഗണിതപഠനം സുതാര്യമാക്കൽ ഗണിതലാബ് ഉപയോഗപ്പെടുത്തൽ. | ഗണിതലാബ് കണക്ക്പെട്ടി. | വർഷം മുഴുവനും | Hm ക്ലാസ് ടീച്ചർ. SRG. | PTA |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിതച്ചുമർ. | വർഷം. മുഴുവനും | SRG. ക്ലാസ് ടീച്ചർ Hm. | PTA. |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ. | പഠനോപകരണ ശില്പശാല | | | |

| | | | | |
|---|---|---|---|---|
| | | | | |
| | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | |
| ഗണിതശേഷികളുടെ പ്രകടനം. | ഗണിതമേള | വർഷത്തിൽ ഒരിക്കൽ | SRG ക്ലാസ് ടീച്ചർ | PTA. |
| | പ്രശ്നോത്തരി<br>പസിൽ നിർമ്മാണം<br>പാറ്റേൺ<br>പഠന ഉല്പന്നങ്ങളുടെ<br>പ്രദർശനം<br>ഗണിതപാട്ടുകൾ.<br>ഗണിതകളികൾ. | | | |
| | | | | |

മേഖല: പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം അറിവ് നിർമ്മാണം. | പ്രകൃതി നടത്തം. സ്കൂളും, പരിസരവും ക്ലാസ്മുറികളും, വർണ്ണങ്ങളെയും പരിചയപ്പെടൽ. | ജൂൺ. | ക്ലാസ് ടീച്ചർ | |
| | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രമേള ശാസ്ത്രലാബ്. | വർഷം മുഴുവൻ | HM SRG Class teachers | PTA |
| | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, ശാസ്ത്ര പരീക്ഷണങ്ങൾ, ലഘു പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | |
| | വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര പ്രദർശനങ്ങൾ ഇവ ഒരുക്കൽ, സന്ദർശനം. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂപട വായന, ഭൂപട രചന സൂചിക. | ഭൂപടമൊരുക്കാം. | വർഷത്തിൽ ഒന്ന്. | SRG ക്ലാസ് ടീച്ചർ. | PTA |
| പരിചയപ്പെടൽ സൂചികാ നിർമ്മാണം കുട്ടികൾ ഉപയോഗിക്കൽ. | കേരളം – ഇന്ത്യ ഭൂപടവായന. | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര - വിസ്മയ ചുമർ. | ആവശ്യാനുസരണം. | SRG ക്ലാസ് ടീച്ചർ | PTA |
| | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ. | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | ശാസ്ത്രോത്സവം. | വർഷത്തിൽ ഒരിക്കൽ | HM SRG ക്ലാസ് ടീച്ചർ | PTA |
| | പഠന ഉല്പന്നങ്ങളുടെ പ്രദർശനം. (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | |
| അറിവുകളുടെ രചന | ശാസ്ത്രമാസിക. | വർഷത്തിൽ ഒന്ന് | HM, SRG ക്ലാസ് ടീച്ചർ | PTA |
| | ശാസ്ത്രമാസികകളുടെ നിർമ്മാണം | | | |

# U.P. Basic Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക്. ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലികൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്. | PTA |
| | കണ്ടറിയാനൊരു യാത്ര വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്, ഊർജ്ജ ക്ലബ്, ഹെൽത്ത് ക്ലബ്. | രക്ഷിതാക്കൾ. |
| | പരീക്ഷണ കളരി. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഹെൽത്ത് ക്ലബ്, സയൻസ് ക്ലബ്, ഊർജ്ജ ക്ലബ് | |

| | | | | |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മാസ്റ്റർ മൈൻഡ്. ഊർജ്ജക്ലബ്, ആരോഗ്യക്ലബ്, ശാസ്ത്രക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്. | |
| | എക്സ്പ്ലോ - എക്സ്പ്ലോർ ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| | മുഖാമുഖം ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | PTA, സയൻസ് ക്ലബ് |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര | വിസ്മയ യാത്ര ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു - പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

അറിവുകൾ എന്നിവയുടെ
വീഡിയോ പ്രദർശനം.

# U.P. Social Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual field Trip. ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക - വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനാധിപത്യപരമായ ജീവിതശീലം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്. ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമികവർഷാരംഭം | സാമൂഹ്യശാസ്ത്രാധ്യാപകർ. |
| സഹജീവികളോട് സമഭാവന പുലർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ നാട്ടുവെട്ടം. പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ | അക്കാദമികവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, P.T.A. |

| | | | |
|---|---|---|---|
| | ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ, ചോദ്യങ്ങൾ എന്നിവ തയ്യാറാക്കി മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര-അധ്യാപകർ |

മേഖല : അക്കാദമികം.

ഉപമേഖല : ഐ.ടി. വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഡിജിറ്റൽ ഉപകരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ | അധ്യാപക - പഠനം മെച്ചപ്പെടുത്തുന്നതിന് എല്ലാ അധ്യാപകർക്കും IT പരിശീലനം നൽകി പാഠഭാഗങ്ങളെ ICT യുടെ സഹായത്തോടെ പഠിപ്പിക്കുന്നു. കുട്ടികളിൽ പഠനത്തോട് താൽപര്യം ജനിപ്പിക്കാൻ ഉതകുന്ന പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം. | എല്ലാ അവധി ദിവസം | IT ടീച്ചർ ക്ലാസ് അധ്യാപകർ | |
| ആവശ്യമായ ഡിജിറ്റൽ ഉപകരണങ്ങൾ സംഘടിപ്പിക്കൽ. | ആവശ്യമായ Laptop കൾക്കായി MLA Fund ൽനിന്ന് കിട്ടുന്നതിനായി ശ്രമങ്ങൾ നടത്തുന്നു. അനുവദിച്ച ലാപ് ടോപ്പുകൾ ആവശ്യമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നു. | HM അധ്യാപകർ | ആവശ്യത്തിനനുസരിച്ച്. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കമ്പ്യൂട്ടർ ക്ലാസ് ഒരുക്കൽ. | ആകർഷകമായ, സൗകര്യപ്രദമായ ഒരു ക്ലാസ് റൂം ഒരുക്കിയെടുക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു. | വർഷം മുഴുവനും | Hm അധ്യാപകർ | PTA |
| ഇന്റർനെറ്റ് സംവിധാനം ഒരുക്കൽ. | ഇന്റർനെറ്റ് സൗകര്യത്തോടെ ക്ലാസ് മുറികളിൽ പഠനം സുഗമമാക്കാനുള്ള പ്രവർത്തനങ്ങൾ, പരിശ്രമങ്ങൾ. | അക്കാദമിക വർഷം | Hm അധ്യാപകർ | PTA |
| സ്കൂളിലെ അക്കാദമിക മികവുകൾ രക്ഷിതാക്കളിലും നാട്ടുകാരിലേക്കും എത്തിക്കാനുള്ള സൗകര്യം ഒരുക്കൽ. | വാട്സാപ്പ് ഗ്രൂപ്പുകൾ ഫെയിസ്ബുക്ക് യൂട്യൂബ് ചാനൽ | അക്കാദമിക വർഷം മുഴുവനും | IT coordinator ക്ലാസ് അധ്യാപകർ | |

മേഖല : അക്കാദമികം :

ഉപമേഖല: സംസ്കൃതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| നൽകുക.<br>...ഷ്ടാ കുട്ടികളും ...ർത്ഥപൂർണ്ണമായി ...യിക്കുവെന്ന് ഉറപ്പു ...രുത്തുക. | ഒഴിവു സമയങ്ങളിൽ പ്രത്യേക ക്ലാസ്.<br>വായനമൂല<br>പദപ്പയറ്റ്.<br>ചോദ്യ ഉത്തരപ്പയറ്റ്. | ആവശ്യാനുസരണം | സംസ്കൃതം അധ്യാപിക | |
| ...സാഹിത്യ അഭിരുചി ...ളർത്തുന്ന ...പ്രവർത്തനങ്ങൾ | നിഘണ്ടു നിർമ്മാണം<br>മാഗസിൻ നിർമ്മാണം<br>ദിനാചരണങ്ങൾ<br>പോസ്റ്റർ നിർമ്മാണം. | ആവശ്യാനുസരണം | സംസ്കൃതം അധ്യാപിക. | |
| ...കാരശേഷി വിക ...സിക്കുന്നതിനായി ...ധുനിക സാങ്കേതിക ...വ്യാ സാധ്യതകളെ ...ഉപയോഗപ്പെടുത്തുക | കഥ - ഉപന്യാസം<br>രചന - അവതരണം.<br>വിവിധ സാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ. ശേഖരണം. | ആവശ്യാനുസരണം | സംസ്കൃതം ടീച്ചർ | |

മേഖല : അക്കാദമികം

ഉപമേഖല : സംസ്കൃതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു. പരിമിതികൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃതം അധ്യാപിക | |
| അക്ഷരങ്ങളും, പദങ്ങളും, ആശയങ്ങളും ഉറപ്പിക്കുക. കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | പതിപ്പുകൾ മാഗസിനുകൾ രചനാശില്പശാലകൾ | പ്രതിദിനം | സംസ്കൃതം അധ്യാപിക | |
| ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക ശേഷികൾ വികസിപ്പി | | | | |

മേഖല : അക്കാദമികം

ഉപമേഖല : ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...ല്ലാ കുട്ടികൾ ...ം ഹിന്ദി ... സുഗമമായി വായിക്കാനും, എഴുതാനും, സംസാരിക്കാനും, ...ശയ വിനിമയം ...ത്താനുമുള്ള ...ി വർദ്ധിപ്പി ...നും, CWSN ... learners ...ികൾക്കും ... പിന്തുണ ...ൽകൽ. | കുട്ടികളുടെ നിലവാരം കണ്ടെത്തൽ... കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ --- പരിമിതികൾ പരിഹരിക്കാൻ പാക്കേജ് തയ്യാറാക്കൽ, CWSN, slow learners കുട്ടികളുടെ വിലയിരുത്തൽ അവരുടെ കഴിവുകൾ കണ്ടെത്തുന്ന വിവിധ പ്രവർത്തനങ്ങൾ തയ്യാറാക്കി നൽകൽ. | പ്രതിദിനം | ഹിന്ദി അധ്യാപിക | |
| | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക; വാക്കുകൾ ഹിന്ദിയിൽ എഴുതാനും, വായിക്കാനും പരിശീലിപ്പിക്കാനുള്ള വർക്ക്ഷീറ്റുകൾ, പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | പ്രതിദിനം | ഹിന്ദി അധ്യാപിക. | |

മേഖല : അക്കാദമികം

ഉപ മേഖല : ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷയോടുള്ള താല്പര്യം ഉണർത്തൽ. | ഹിന്ദിയിൽ കഥ, കവിത, ഡയറി, പാട്ടുകൾ, കത്തുകൾ | പ്രതിദിനം ആവശ്യാനുസരണം. | ഹിന്ദി അധ്യാപിക | |
| സർഗാത്മകശേഷി ഉണർത്തൽ. | ചെറിയ കവിത, പ്രസംഗം നാടകം, പരിശീലിപ്പിക്കുക | ആവശ്യാനുസരണം. | ഹിന്ദി അധ്യാപിക | |
| ഐ.സി.ടി. സാധ്യതകൾ പ്രയോഗം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ, വീഡിയോ പ്രദർശനം. | പ്രതിദിനം | ഹിന്ദി അധ്യാപിക. | |
| | | | | |

മേഖല: അക്കാദമികം.

ഉപമേഖല: ഉറുദു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് ഉറുദു ഭാഷ വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി വർദ്ധിപ്പിക്കുക. | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു. അക്ഷരം ഉറപ്പിക്കുന്നു | ജൂൺ | ഉറുദു അധ്യാപിക | |
| | കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട ഭാഷാപോഷിണി പ്രവർത്തനങ്ങൾ. എല്ലാ കുട്ടികൾക്കും അവരവരുടെ നിലവാരത്തിനനുസൃതമായ പ്രവർത്തനങ്ങൾ കണ്ടെത്തി നൽകുന്നു. വർക്ക്ഷീറ്റുകൾ അക്ഷരക്കളികൾ. | ആവശ്യാനുസരണം or പ്രതിദിനം | ഉറുദു അധ്യാപിക. | |
| ദിനാചരണങ്ങൾ സർഗാത്മക. പ്രവർത്തനങ്ങൾ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഉറുദു-Poster കാർട്ടൂൺ, ചിത്രരചന. കയ്യെഴുത്ത് മത്സരം, പദ്യം ചൊല്ലൽ, ചെറിയ കവിതകൾ [illegible] പരിശീലനം | ആവശ്യാനുസരണം | ഉറുദു അധ്യാപിക. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ദിനാചരണം. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുൻകൂട്ടി തയ്യാറാക്കി, അവരുടെ പങ്കാളിത്തം വിദ്യാലയത്തിൽ ഉറപ്പാക്കുക.<br>ദാഷ, പോസ്റ്ററുകൾ, പ്ലക്കാർഡുകൾ ഇവ തയ്യാറാക്കുക. | ആവശ്യാനുസരണം | അറബി അധ്യാപകർ. | |
| | | | | |

മേഖല : അക്കാദമികം.

ഉപമേഖല : അറബിക്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അറബി സുഗമമായി വായിക്കാനും, എഴുതാനും, സംസാരിക്കാനും, ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | പ്രീ.ടെസ്റ്റ് നടത്തി കുട്ടികളുടെ ഭാഷാനിലവാരം കണ്ടെത്തുന്നു. | ജൂൺ ആദ്യവാരം | അറബി അധ്യാപകർ. | |
| | കുട്ടികൾക്ക് പുത്തനുണർവ് നൽകാവുന്ന പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകൽ. അക്ഷര ക്ലാസുകൾ കളികൾ പഠനോപകരണ നിർമ്മാണം. | ആവശ്യാനുസരണം | അറബി അധ്യാപകർ. | |
| അറബിവായനക്ക് പ്രോത്സാഹനം നൽകുക. | ദൈനംദിനപ്രവർത്തനങ്ങൾ അറബിയിൽ പറയുകയും, ക്ലാസിൽ നാം ഉപയോഗിക്കുന്ന, നിരന്തരമായി പ്രയോഗിക്കുന്ന കാര്യങ്ങൾ അറബിയിൽത്തന്നെ പറയിപ്പിക്കുക. | പ്രതിദിനം | അറബി അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
| --- | --- | --- | --- | --- |
| ICT സാധ്യത ഉപയോഗം. | പഠനനിലവാരം കുറഞ്ഞ കുട്ടികൾക്ക് ICT യുടെ സഹായത്തോടെ ക്ലാസുകൾ കാണിച്ചു കൊടുക്കുന്നു. അക്ഷരമാല അവതരണം. | ആവശ്യാനു സരണം | അറബി അധ്യാപകർ | |
| | കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ തരത്തിലുള്ള ഓഡിയോ ക്ലിപ്പുകൾ കേൾപ്പിക്കുന്നു. സംസാരിപ്പിക്കാൻ ശീലിപ്പിക്കുന്നു. പ്രോത്സാഹിപ്പിക്കുന്നു. | ആവശ്യാനു സരണം | അറബി അധ്യാപകർ | |
| ചുമർപത്ര നിർമ്മാണം. | അറബിക് ഭാഷയിൽ ചുമർപത്രം തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്ന് | അറബി അധ്യാപകർ. | |
| AI സാധ്യതകളുടെ ഉപയോഗം. | കുട്ടികൾക്ക് മാനസികോല്ലാസം നൽകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ AI ഉപയോഗിച്ച് കൊണ്ട് തയ്യാറാക്കി. കുട്ടികളെ എളുപ്പത്തിൽ അക്ഷരം സ്വായത്തമാക്കാൻ സഹായിക്കുന്നു. | ആവശ്യാനു സരണം | അറബി അധ്യാപകർ. | |

മേഖല : ഭൗതികം

ഉപമേഖല : ലൈബ്രറി, വായനാമുറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ വായനാശീലം വളർത്തുക, ലൈബ്രറി പുസ്തകങ്ങൾ ആകർഷകമായി സൂക്ഷിക്കുക, വായനാമുറിയിൽ മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം ഒരുക്കുക. | വായനാമുറി ഒരുക്കുക. പത്രങ്ങൾ, മാസികകൾ, എന്നിവ സൂക്ഷിക്കാനുള്ള റാക്കുകൾ സ്ഥാപിക്കുക. വായനാമുറിയിൽ ഇരിപ്പിടങ്ങളും മേശയും നിർമ്മിക്കുക. ചുമരിൽ എഴുത്തുകാരുടെ ചിത്രങ്ങൾ, ഉദ്ധരണികൾ എന്നിവ പതിക്കുക, ബുക്ക് ഷെൽഫുകൾ പെയിന്റ് ചെയ്ത് വായനാമുറിയിൽ സ്ഥാപിക്കുക. | | | |
| സ്കൂൾ ലൈബ്രറി അമ്മമാർക്ക് തുറന്ന് കൊടുത്ത് അമ്മയുടെയും കുട്ടിയുടെയും സംയുക്ത വായനക്ക് അവസരമൊരുക്കുക. | എം. പി. ടി. എ. യോഗം ചേർന്ന് വിശദാംശങ്ങൾ ചർച്ച ചെയ്ത് അമ്മ വായനയെക്കുറിച്ച് പറയുന്നു. പുസ്തക വിതരണം പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നു. | | | |

മേഖല : അക്കാദമികം

ഉപമേഖല : ക്ലബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ (വിദ്യാരംഗം കലാസാഹിത്യവേദി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ക്ലബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലൂടെ കുട്ടികളിൽ ഭാഷാശേഷി വികാസവും കലാപരമായ കഴിവുകൾ വികസിപ്പിക്കാൻ സാധിക്കുന്നു. ദിനത്തിലവതാരകരും ചിന്തകന്മാർക്കും മുന്നോട്ട് വരാനുള്ള അവസരം ഒരുക്കുന്നു. കുട്ടികളിൽ വായനാശീലം പരിപോഷിപ്പിക്കൽ, ക്ലാസ് മുറിയിൽ രൂപപ്പെട്ട രചനകളുടെ അവതരണം. മലയാള ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. കൂടുതൽ പഠനസന്ദർഭങ്ങൾ സൃഷ്ടിക്കൽ. | സാഹിത്യകാരന്മാരുമായി അഭിമുഖം, വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ, ക്ലാസ് തലത്തിലെ മികവിന്റെ അവതരണം, രചനകളുടെ വായന, സ്വന്തം രചനകൾ, ചിത്രരചന, കാർട്ടൂൺ ആസ്വാദനം, കവിതാലാപനം, നാടകാവിഷ്കാരം, ആശംസാകാർഡ്, നാടൻപാട്ട് ശേഖരണം, അവതരണം, ഗ്രന്ഥശാലാ സന്ദർശനം, പതിപ്പുകൾ, ചുമർപത്രം, കയ്യെഴുത്ത് മാസിക, കടങ്കഥ ശേഖരണം, അവതരണം. | ജൂൺ 2025 | വിദ്യാരംഗം കൺവീനർ | 500 |

മേഖല - ഉച്ചഭക്ഷണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച പോഷകാഹാരം നൽകൽ | കൃഷിത്തോട്ടം, ജൈവപച്ചക്കറികൾ ഉപയോഗിക്കുന്നു. നാടൻ കോഴിമുട്ടയും നാടൻ പാലും കൊടുക്കുന്നു. | 1 വർഷം | ടീച്ചർ ഉച്ചഭക്ഷണ കമ്മറ്റി | MPTA ഉച്ചഭക്ഷണ കമ്മറ്റി 50,000 |
| ഭക്ഷണം സമയബന്ധിതമായി തയ്യാറാക്കലും വിതരണം ചെയ്യലും | കുട്ടികൾ കൃത്യസമയത്ത് ഭക്ഷണം കഴിക്കുന്നത് ഉറപ്പ് വരുത്തൽ | 1 വർഷം | ക്ലാസ് ടീച്ചേഴ്സ്, ഉച്ചഭക്ഷണകമ്മറ്റി | PTA |
| ഭക്ഷണത്തിൽ ധാരാളം ഇലക്കറികൾ ഉപയോഗിക്കൽ | മുരിങ്ങ, ചീര കൃഷിത്തോട്ടത്തിൽ ഉൾപ്പെടുത്തൽ, കൂടാതെ ചേമ്പ്, പപ്പായ എന്നിവ വ്യാപിക്കുക | 1 വർഷം | ഉച്ചഭക്ഷണ കമ്മറ്റി കൃഷി അദ്ധ്യാപകർ | MPTA മാനേജ്മെന്റ്, H.M 50,000 |
| കുട്ടികളിൽ ആരോഗ്യകരമായ ഭക്ഷണശീലം, കുടിവെള്ളം തിളപ്പിച്ചാറിയത് നൽകുക | പോഷകാഹാര ഭക്ഷ്യമേള, ഭക്ഷണശീലങ്ങളെപ്പറ്റി ക്ലാസ്, എല്ലാ കുട്ടികൾക്കും കഴിക്കുവാൻ പ്ലേറ്റ്, ഗ്ലാസ്സ് ഉറപ്പുവരുത്തൽ | 1 വർഷം | ഉച്ചഭക്ഷണ കമ്മറ്റി, Health club | PTA, MPTA |

മേഖല : അക്കാദമികം

ഉപമേഖല : ആരോഗ്യ-കായിക വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ കായിക ക്ഷമത വർധിപ്പിക്കുന്നു. സ്പോർട്സിനോട് താൽപര്യം ഉണർത്തൽ | കായികക്ഷമതയുള്ള കുട്ടികളെയും, അതിനോട് താൽപര്യം ഉള്ള കുട്ടികളെയും കണ്ടെത്തി പരിശീലനം നൽകുന്നു. | വർഷം മുഴുവനും | എല്ലാ അധ്യാപകരും | |
| കായിക ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു. ഫുട്ബോൾ കോർട്ട് ഷട്ടിൽ കോർട്ട്. | കായിക ഉപകരണങ്ങളുടെ നിർമ്മിക്കൽ. സ്കൂൾ ഗ്രൗണ്ടിൽ നിർമ്മിച്ച ഫുട്ബോൾ കോർട്ടിലും, ഷട്ടിൽ കോർട്ടിലും കുട്ടികളെ പരിശീലിപ്പിക്കുന്നു. | വർഷം മുഴുവനും | എല്ലാ അധ്യാപകരും | |
| കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരം നൽകൽ. | വൈദ്യപരിശോധന ഹെൽത്ത് സെന്ററിൽ നിന്ന് അയേൺ ഗുളിക വിതരണം. ആരോഗ്യ-ശുചിത്വ ക്ലാസുകൾ. | ആവശ്യാനുസരണം | HM ക്ലാസധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം നാടൻ കളികളുടെ പ്രാധാന്യം മനസ്സിലാക്കുന്നു. കരാട്ടെ പരിശീലനം യോഗപരിശീലനം ഫുട്ബോൾ പരിശീലനം ഷട്ടിൽ പരിശീലനം | കായിക അധ്യാപകരെ വച്ച് കരാട്ടെ, ഫുട്ബോൾ എന്നിവ പരിശീലിപ്പിക്കുന്നു. ചെസ്സ് പരിശീലനം | വർഷം മുഴുവനും | Hm അധ്യാപകർ | PTA |
| പരിസ്ഥിതിയും സ്പോർട്സും തമ്മിലുള്ള ബന്ധം. | ട്രാഫിക് പോലീസിന്റെ ബോധവത്കരണ ക്ലാസ്. | [illegible] | SRG | |
| | | | | |

മേഖല : ഭൗതികം.

ഉപമേഖല: പ്രവൃത്തിപരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ നിർമ്മാണ പ്രവർത്തനങ്ങളോടുള്ള താല്പര്യം വളർത്തൽ. ഗിഫ്റ്റഡ് കുട്ടികളെ കണ്ടെത്തൽ. | ക്ലാസ് മുറികളിൽ അധ്യാപകർ ആഴ്ചയിൽ മൂന്നുദിവസം പ്രവൃത്തിപരിചയ പിരീഡ് നൽകി വസ്തുക്കൾ നിർമ്മിക്കുന്നു. അതിൽ നിന്നും ഈ മേഖലയോട് കൂടുതൽ താല്പര്യവും, കഴിവും ഉള്ളവരെ കണ്ടെത്തുന്നു. | വർഷം മുഴുവനും | SRG കൺവീനർ ക്ലാസധ്യാപകർ - | PTA |
| തൊഴിലധിഷ്ഠിത പഠനം പരിപോഷിപ്പിക്കുന്നു. സ്വയം തൊഴിൽ കണ്ടെത്താനുള്ള താല്പര്യം വളർത്തുന്നു. | പ്രവൃത്തിപരിചയം ക്ലാസുകൾ നൽകുന്നതിനാവശ്യമായ വിദഗ്ദരെ കണ്ടെത്തി പരിശീലനം നൽകുന്നു. | വർഷം മുഴുവനും | SRG ക്ലാസധ്യാപകർ | |
| സ്കൂൾതല പ്രവൃത്തിപരിചയ | വിവിധയിനം മത്സരങ്ങൾ കുട്ടികൾക്കായി നൽകുന്നു. വിജയികൾക്ക് സമ്മാനം | ആദ്യവാരം സമയം വർഷത്തിൽ | HM SRG ക്ലാസധ്യാപകർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഭിന്നശേഷിക്കാരെ പ്രവൃത്തിപരിചയ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു. | കടലാസുപൂക്കൾ നിർമ്മാണം waste materials കൊണ്ടുള്ള നിർമ്മാണം, ചിത്രംവര കളിമൺ നിർമ്മാണം തുടങ്ങിയ താരതമ്യേന പ്രയാസം കുറഞ്ഞ മേഖലകൾ കണ്ടെത്തി പരിശീലനം | ആവശ്യാനുസരണം | SRG ക്ലാസധ്യാപകർ | |
| | | | | |

മേഖല : അക്കാദമികം

ഉപമേഖല : പി. ടി. എ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പി. ടി. എ<br>എം. പി. ടി. എ<br>പ്രാതിനിധ്യം. | ജനറൽ പിടിഎ. നടത്തുന്നു.<br>പി. ടി. എ. മെമ്പർമാരെ തിരഞ്ഞെടുക്കുന്നു.<br>എക്സിക്യൂട്ടീവ് കമ്മറ്റി രൂപീകരിക്കുന്നു.<br>മാസത്തിൽ ഒരു തവണ കമ്മറ്റി കൂടുന്നു. പ്രവർത്തനങ്ങൾ വിലയിരുത്തുന്നു തീരുമാനം കൈക്കൊള്ളൽ ആവശ്യമായ പിന്തുണ നൽകൽ.<br>ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ. | വർഷം മുഴുവനും | HM<br>SRG | |
| ഉച്ചഭക്ഷണ പരിപാടി പോഷക സമൃദ്ധമാക്കൽ. | ഉച്ചഭക്ഷണ കമ്മറ്റിയുടെ മേൽനോട്ടത്തിൽ കുട്ടികൾക്കുള്ള ഭക്ഷണം പോഷക സമൃദ്ധമാക്കാനുള്ള പച്ചക്കറിത്തോട്ടം ഒരുക്കൽ. | Hm<br>അധ്യാപകർ<br>പിടിഎ | വർഷം മുഴുവനും | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഉച്ചഭക്ഷണ പരിപാടിയിൽ ഉൾക്കൊള്ളിക്കൽ. വിവിധതരം കറികൾ നൽകൽ. രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി കലാ സാംസ്കാരിക പ്രവർത്തനങ്ങൾ, സ്പോർട്സ്, പ്രവൃത്തിപരിചയ മേളകൾ എന്നിവ നടത്തൽ. | വർഷം മുഴുവനും | പി.ടി.എ HM | |
| S.S.A യുടെ സഹായം, അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ. | രക്ഷിതാക്കളിൽ നിന്നും യോഗ്യരായവരുടെ വിവരശേഖരണം. രക്ഷിതാക്കളെ പഠന പ്രവർത്തനങ്ങളിലും ശില്പശാലകളിലും, കലാകായിക മേളയിലും ഉൾക്കൊള്ളിക്കൽ. | വർഷം മുഴുവനും | പി.ടി.എ HM | |

മേഖല : കൃഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവ പച്ചക്കറി തോട്ടം | കാർഷിക ക്ലബ്ബ് രൂപീകരണം. കുടുംബാംഗങ്ങളെ കൊണ്ട് പച്ചക്കറിത്തോട്ടം ഒരുക്കിയെടുക്കാനുള്ള താൽപര്യം വളർത്തുക. പി.ടി.എ അംഗങ്ങൾ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, അധ്യാപകർ കൂടി ചേർന്നുള്ള കൂട്ടായ പ്രവർത്തനങ്ങൾ. ഒരു ക്ലാസ് ഒരു കൃഷി. ഓരോ ക്ലാസുകാരും അവരവർക്ക് ഇഷ്ടപ്പെട്ട പച്ചക്കറിത്തോട്ടം ഒരുക്കിയെടുക്കൽ. മത്സരം - നല്ല കൃഷിത്തോട്ടത്തിന് സമ്മാനം. | വർഷം മുഴുവൻ | HM<br>PTA<br>അധ്യാപകർ<br>രക്ഷിതാക്കൾ<br>കുട്ടികൾ | PTA |
| ഹരിതവിദ്യാലയം | വിദ്യാലയാങ്കണത്തിൽ പൂച്ചെടികളും, പച്ചക്കറികളും നട്ടുപിടിപ്പിച്ച് പച്ചപ്പ് തീർക്കുക. | വർഷം മുഴുവൻ | PTA<br>അധ്യാപകർ<br>കുട്ടികൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിഷരഹിത പച്ചക്കറി ഉല്പാദനത്തിന് | കുട്ടികളിൽ നൂതന സമ്പ്രദായം കൃഷിരീതികളിൽ പരിചയപ്പെടുത്തുക.<br>ജൈവപച്ചക്കറിത്തോട്ടം സന്ദർശനം.<br>ഗ്രാഫ്റ്റിംഗ് പരിചയപ്പെടുക.<br>സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം<br>ജൈവവള നിർമ്മാണം പരിചയപ്പെടുത്തൽ. | വർഷം മുഴുവൻ | PTA<br>അധ്യാപകർ<br>വിദ്യാർത്ഥികൾ | |
| കൃഷി ഒരു സംസ്കാരം. | കൃഷിഓഫീസർ സന്ദർശനം<br>കൃഷിയെ അടുത്തറിയാൻ പ്രത്യേക ക്ലാസുകൾ<br>വിത്തുകൾ, കൃഷിരീതികൾ പരിചയപ്പെടൽ<br>പ്രാദേശിക കൃഷിക്കാരെ ആദരിക്കൽ. | ആവശ്യാനുസരണം | HM<br>PTA<br>അധ്യാപകർ | |

മേഖല : കലാപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാപരമായ കഴിവുകളുടെ വികസനം. | ബാലസഭ, വിദ്യാരംഗം-കലാസാഹിത്യ വേദി എന്നിവയുടെ പ്രവർത്തനങ്ങളിൽ നിന്ന് കലാവാസനയുള്ള കുട്ടികളെ കണ്ടെത്തുന്നു. കണ്ടെത്തിയ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി കലോത്സവത്തിനും വാർഷികാഘോഷ പരിപാടികൾക്കും വേണ്ടി സജ്ജമാക്കുന്നു. ഓരോ അധ്യാപകർക്കും ചുമതല നൽകുന്നു. സ്കൂൾ കലോത്സവം നടത്തുന്നു. | വർഷം മുഴുവൻ | PTA അധ്യാപകർ | |
| സമയത്തിന്റെ അപര്യാപ്തത എങ്ങനെ കുറയ്ക്കാം ? | അവധിക്കാല ക്യാമ്പുകൾ സംഘടിപ്പിക്കുക. ശനി, ഞായർ ദിവസങ്ങളിൽ പ്രത്യേക പരിശീലനം. വിദഗ്ദരുടെ പ്രത്യേക പരിശീലന ക്ലാസുകൾ | HI വർഷം മുഴുവനും | HM SRG അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രാദേശിക കലാരൂപങ്ങളെ പരിചയപ്പെടൽ. | പ്രാദേശിക കലാകാരന്മാരെക്കുറിച്ച് ക്ലാസ് പിടിഎ വഴി വിവരശേഖരണം നടത്തുന്നു.<br>പ്രാദേശിക കലാകാരന്മാരെ അതിഥിയായി ക്ഷണിക്കൽ.<br>അസംബ്ലിയിൽ അവതരണം, ആദരവ് സംഘടിപ്പിക്കൽ.<br>ICT സാധ്യത ഉപയോഗിച്ച് കലാരൂപങ്ങൾ പരിചയപ്പെടുന്നു.<br>കേരള കലാമണ്ഡലം സന്ദർശനം. | ആവശ്യാനുസരണം | HM<br>PTA<br>അധ്യാപകർ<br>പൂർവ വിദ്യാർത്ഥികൾ | |
| നൃത്തത്തോടും സംഗീതത്തോടും ഉള്ള അഭിരുചി വളർത്തൽ. | പ്രശസ്തരായവരും, പ്രാദേശിക കലാകാരന്മാരെയും വിദ്യാലയത്തിലേക്ക് ക്ഷണിക്കുക.<br>പ്രത്യേക ഡാൻസ് ക്ലാസ്<br>പ്രത്യേക സംഗീത ക്ലാസ്.<br>വിദ്യാലയത്തിൽ നൃത്തവും സംഗീതവും പഠിക്കുന്ന | ആവശ്യാനുസരണം | HM<br>PTA<br>പൂർവ വിദ്യാർത്ഥികൾ.<br>അധ്യാപകർ | |

മേഖല : സാമൂഹികം .

ഉപമേഖല : ബോധവത്കരണ ക്ലാസുകൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ നല്ല മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് വേണ്ടി. | ദിനാചരണപ്പതിപ്പ് തയ്യാറാക്കുന്നു. മറ്റെല്ലാം ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ബോധവത്കരണ ക്ലാസുകൾ നൽകണമെന്ന് SRG യിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നു. കൂടാതെ പൊതുവായ ചില വിഷയങ്ങളിലും ക്ലാസ് നൽകണമെന്ന് തീരുമാനിക്കുന്നു. ഉദാ: റോഡ് സുരക്ഷ, ട്രാഫിക് നിയമങ്ങൾ, ലഹരിവിരുദ്ധ ക്ലാസുകൾ, ആരോഗ്യ-ശുചിത്വം; | വർഷം മുഴുവൻ | HM SRG Teachers PTA. | |
| രക്ഷിതാക്കൾക്കുള്ള അവബോധം. | സ്വന്തം കുട്ടിയുടെ ശാരീരിക-മാനസിക-സാമൂഹിക അവസ്ഥകൾ മനസ്സിലാക്കാനും, അവ | | | |

മേഖല : ഭൗതികം

ഉപമേഖല : ശുചിത്വ വിദ്യാലയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ വിദ്യാലയം ഒരുക്കൽ. | വൃത്തിയുള്ളതും, സുരക്ഷിതവുമായ പഠനാന്തരീക്ഷം ഒരുക്കിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.<br>വിദ്യാർത്ഥികളിൽ ശുചിത്വശീലം വളർത്താൻ പഠിപ്പിക്കുക.<br>വിദ്യാലയ പരിസരവും, ക്ലാസ് മുറികളും, ടോയ്‌ലറ്റുകളും, കുടിവെള്ള സൗകര്യവും ഉൾപ്പെടെ എല്ലാ സ്ഥലങ്ങളും വൃത്തിയായും, രോഗാണുക്കൾ ഇല്ലാതെയും സൂക്ഷിക്കാൻ ഉള്ള പ്രവർത്തനങ്ങൾ ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെ ഒരുക്കുന്നു.<br>വേസ്റ്റ് ബിന്നുകൾ എല്ലാ ക്ലാസ് മുറികളിലും, പുറത്തും സജ്ജമാക്കുന്നു. | വർഷം മുഴുവനും | HM<br>അധ്യാപകർ<br>PTA | |
| പ്ലാസ്റ്റിക് മാലിന്യ | ഹരിതസേനയുടെ | | | |

മേഖല: സാമൂഹികം

ഉപമേഖല: ഗൃഹസന്ദർശനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ അടുത്തറിയുക എന്ന ഉദ്ദേശം നടപ്പിലാക്കുന്നതിന് വേണ്ടി. | ഓരോ അധ്യാപകനും തന്റെ മുന്നിലിരിക്കുന്ന ഓരോ കുട്ടിയുടെയും വീടുകൾ സന്ദർശിക്കുന്നതിലൂടെ കുട്ടികൾക്ക് മാനസിക സന്തോഷം നൽകുക മാത്രമല്ല വിദ്യാലയങ്ങൾക്ക് പൊതുസമൂഹവുമായി കൂടുതൽ അടുത്തിടപെടാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | | | |
| പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കൽ. | വിദ്യാലയങ്ങൾക്ക് സമൂഹവുമായി ഇടപെടുന്നതിലൂടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കാനുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുക. | | | |
| | ബോധവത്കരണ ക്ലാസുകൾ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഒരു ഗ്രാമപ്രദേശത്തുള്ള വിദ്യാർത്ഥികളെ ഒരുമിച്ച് ചേർത്ത് പിടിഎ യോഗങ്ങൾ സംഘടിപ്പിച്ച് വിദ്യാഭ്യാസ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. | കോർണർ പിടിഎ നടത്തുന്നത് വഴി വിദ്യാർത്ഥികളുടെ സർഗശേഷികൾ പരിപോഷിപ്പിക്കുന്നതിനും കലാകായിക പരിപാടികൾ അവതരിപ്പിക്കുന്നതിനുമുള്ള അവസരം സൃഷ്ടിക്കുന്നു.<br><br>ഗൃഹാന്തരീക്ഷം അറിഞ്ഞ് ഉചിതമായ മാർഗങ്ങൾ നിർദേശിക്കൽ.<br>സഹായങ്ങൾ നൽകൽ. | വർഷം മുഴുവൻ | HM<br>SRG<br>PTA<br>അധ്യാപകർ | |
| | | | | |

മേഖല : സാമൂഹികം. ഉപമേഖല : OSA സംഘടന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി പൂർവ വിദ്യാർത്ഥികൾ തമ്മിലുള്ള ബന്ധം ശക്തമാക്കി, മാതൃ സ്ഥാപനത്തെ പിന്തുണ നൽകി മാർഗനിർദേശങ്ങൾ നൽകുന്നതിന് വേണ്ടി. | പൂർവവിദ്യാർത്ഥിസംഗമം നടത്തുക. പൂർവ വിദ്യാർത്ഥികൾക്ക് അവരുടെ അറിവും, അനുഭവങ്ങളും പങ്കുവെച്ച് ഇപ്പോഴത്തെ വിദ്യാർത്ഥികൾക്ക് കരിയർ തിരഞ്ഞെടുക്കുന്നതിനും മറ്റും സഹായം നൽകുക. | വർഷം മുഴുവൻ | HM<br>OSA<br>SRG.<br>അധ്യാപകർ. | OSA |
| | സ്ഥാപനത്തിന്റെ വളർച്ചക്ക് സംഭാവന നൽകുന്നു. വിദ്യാലയവുമായി ചേർന്ന് സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | | | |
| | മാതൃസ്ഥാപനത്തിന്റെ വളർച്ചക്ക് സാമ്പത്തികമായും അല്ലാതെയും ഉള്ള പിന്തുണ നൽകൽ. | | | |